മൺപാത്ര നിർമ്മാണ സമുദായാംഗങ്ങളുടെ പുനരുദ്ധാരണം

123 [2292] ശ്രീ. വർക്കല കഹാർ:
ശ്രീമതി മേഴ്സി രവി:
ശ്രീ. സി. പി. മുഹമ്മദ്:
പ്രൊഫ. എ. ഡി. മുസ്തഫ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വർഗ്ഗ പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺപാത്രങ്ങൾക്കുള്ള ആവശ്യം കുറഞ്ഞതോടെ മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള സമുദായത്തിലെ അംഗങ്ങൾ തൊഴിൽ രഹിതരായി തീർന്നിട്ടുണ്ടോ;

(ബി) തമിഴ്നാട്ടിൽ നിന്ന് വരുന്ന മൺപാത്രങ്ങളുടെ വിലക്കുറവ് കാരണം അവയുമായി സംസ്ഥാനത്ത് നിർമ്മിക്കുന്ന മൺപാത്രങ്ങൾക്ക് മത്സരിക്കാൻ സാദ്ധ്യമല്ലാത്ത അവസ്ഥ സംജാതമായിട്ടുണ്ടോ;

(സി) മൺപാത്ര നിർമ്മാണത്തിലേർപ്പെട്ടിട്ടുള്ള സമുദായത്തിൽപ്പെട്ടവരുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കളിമൺ വ്യവസായം ലാഭകരമല്ലാതെ വന്ന സാഹചര്യത്തിൽ ഈ തൊഴിലിൽ വ്യാപൃതരായിരുന്ന ഊരാളി, കുറുമർ, ഇതര ജോലികളിൽ ഏർപ്പെട്ടുവരുന്നു. വേളാൻ, കുശവൻ, കുലാലൻ, കുംഭാരൻ, ഓടൻ, ആന്ധ്രാ നായർ, ആന്ധ്രുരു നായർ എന്നീ സമുദായക്കാരെ ഒ. ഇ. സി. ലിസ്റ്റിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാർക്ക് അനുവദിച്ചുവരുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകി വരുന്നു. ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് കേരള കൈത്തൊഴിലാളി—വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായി ചേരാവുന്നതും പദ്ധതിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ സ്വീകരിക്കാവുന്നതുമാണ്.

തൃശ്ശൂരിൽ സാംസ്കാരിക കേന്ദ്രം ആരംഭിക്കാൻ നടപടി

124 [2294] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, മാടക്കാട് രാധാകൃഷ്ണൻ:
,, പി. നാരായണൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക വർഗ്ഗ പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) മൺമറഞ്ഞുപോയ സാംസ്കാരിക നായകരെയും കലാ-സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളെയും പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിന് സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പഴയകാല സംസ്കാരം ഉൾക്കൊള്ളുന്നതും അന്യംനിന്നു പോയതുമായ കലകളേയും മറ്റും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) സംഗീത നാടക അക്കാദമി, സാഹിത്യ അക്കാദമി, ലളിതകലാ അക്കാദമി, കേരള കലാമണ്ഡലം തുടങ്ങി വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു സാംസ്കാരിക കേന്ദ്രം തൃശ്ശൂരിൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന കേരള സാഹിത്യ അക്കാദമിക്ക് ഒരു സുവർണ്ണ ജൂബിലി മന്ദിരം പണിയുന്നതിന് സഹായം അനുവദിക്കാമോ?

ഉത്തരം

(എ) സാംസ്കാരിക പൈതൃകം സംരക്ഷിക്കാനും സാംസ്കാരിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാനുമായി സാംസ്കാരിക വകുപ്പിനു കീഴിലുള്ള അക്കാദമികളും സ്ഥാപനങ്ങളും വിപുലവും വൈവിധ്യപൂർണ്ണവുമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓരോ സ്ഥാപനവും തങ്ങളുടെ മേഖലകളിലെ പൈതൃകങ്ങൾ സംരക്ഷിക്കുന്നതിനായി ശാസ്ത്രീയവും ഫലപ്രദവുമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ആർക്കൈവ്സുകൾ, ഡിജിറ്റൈസേഷൻ, സി.ഡി, ശേഖരം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. സാംസ്കാരിക പ്രവർത്തനങ്ങളുടെ പ്രോത്സാഹനാർത്ഥം ഓരോ സ്ഥാപനവും ബന്ധപ്പെട്ട വിഷയങ്ങളിൽ ശിൽപശാലകൾ, കൃതികൾ, പ്രദർശനങ്ങൾ, സാംസ്കാരികോൽസവങ്ങൾ, പ്രസിദ്ധീകരണങ്ങൾ, ചലച്ചിത്ര പ്രദർശനങ്ങൾ, അവാർഡ് നിർണ്ണയവും സമർപ്പണവും, ഗവേഷണ പ്രവർത്തനങ്ങൾ, ഫെല്ലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, ജീവചരിത്രം, മഹായാചിത്രം, ഗ്രന്ഥശാല, സാംസ്കാരിക ചിഹ്നങ്ങളുടെ ശേഖരണവും സംരക്ഷണവും തുടങ്ങിയവയാണ് പ്രധാനമായും നിർവ്വഹിച്ചു വരുന്നത്.

വകുപ്പിനു കീഴിലുള്ള പുരാരേഖ, പുരാവസ്തു വകുപ്പുകൾ നമ്മുടെ പൈതൃക സമ്പത്തുക്കളുടെ സംരക്ഷണം ശാസ്ത്രീയമായി നിർവ്വഹിച്ചു വരുന്നു. ചരിത്ര പ്രാധാന്യമുള്ള കോട്ടകൾ, മന്ദിരങ്ങൾ, കൊട്ടാരങ്ങൾ, ആരാധനാലയങ്ങൾ, രേഖകൾ എന്നിവ സംരക്ഷിത സ്മാരകങ്ങളിൽപ്പെടുന്നു. പുരാരേഖകളുടെ മൈക്രോഫിലിമിംഗ്, ഡിജിറ്റൈസേഷൻ എന്നിവയും പ്രത്യേക പദ്ധതിയായി പുരാരേഖ വകുപ്പ് നിർവ്വഹിച്ചു വരുന്നു.

(ബി) ലളിതകലാ അക്കാദമി പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും അനുസ്മരണ പ്രഭാഷണങ്ങൾ നടത്തുകയും കലാസൃഷ്ടികൾ ഉൾക്കൊള്ളുന്ന കലാപ്രദർശനങ്ങൾ നടത്തുകയും ചെയ്യാറുണ്ട്. കേരള കലാമണ്ഡലം കഥകളി, വാദ്യം തുടങ്ങിയ മേഖലകളിൽ പ്രശസ്തരായവരുടെ പേരിൽ അവാർഡു നൽകിവരുന്നു. പ്രഗൽഭരായവർക്ക് പുരസ്കാരങ്ങളും നൽകുന്നുണ്ട്. ഒരു കലാകാര ഡയറക്ടറി തയ്യാറാക്കി വരുന്നു. കേരള സാഹിത്യ അക്കാദമി മൺമറഞ്ഞ പ്രശസ്തരായ എഴുത്തുകാരുടെ ചിത്രങ്ങൾ അതിവിശിഷ്ടമായ രീതിയിൽ എണ്ണച്ചായത്തിൽ വരച്ച് അക്കാദമിയുടെ ആർട്ട് ഗ്യാലറിയിൽ പ്രദർശിപ്പിക്കുന്നുണ്ട്. കൂടാതെ മൺമറഞ്ഞ എഴുത്തുകാരുടെ ആൽബം അച്ചടിച്ച് പ്രചരിപ്പിച്ചുവരുന്നു. കേരള ഫോക്ലോർ അക്കാദമി നാടൻ കലാരംഗത്ത് പ്രവർത്തിച്ച കലാപരമായ സാംസ്കാരിക

LIBRARY ARCHIVES Kerala Legislative Assembly

നായകൻമാരെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിന് ഫോട്ടോ അനാച്ഛാദനം ചെയ്യുകയും, അവരെപ്പറ്റിയുള്ള പുസ്തകങ്ങൾ സംരക്ഷിച്ചു വയ്ക്കുകയും പ്രസിദ്ധീകരണങ്ങളിലൂടെ അനുസ്മരിക്കുകയും ചെയ്യുന്നുണ്ട്. കേരള സംഗീത നാടക അക്കാദമി മോണോഗ്രാഫുകൾ പ്രസിദ്ധീകരിച്ചു വരുന്നു. കൂടാതെ ദൈമാസികയായ 'കേളി'യിൽ ഇവരെ പരിചയപ്പെടുത്തുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കാറുണ്ട്. സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ, പുരസ്കാര സമർപ്പണ ചടങ്ങുകൾ തുടങ്ങിയവ മൺമറഞ്ഞുപോയ സാംസ്കാരിക നായകരെ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തലാണ്. സാംസ്കാരിക വകുപ്പ് നേരിട്ട് മൺമറഞ്ഞുപോയവരുടെ പേരിൽ പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. മൺമറഞ്ഞ കലാകാരൻമാരെക്കുറിച്ചുള്ള ഫോട്ടോ പ്രദർശനങ്ങൾ, ഡോക്യുമെന്ററികൾ, സിനിമാ പ്രദർശനങ്ങൾ എന്നിവ ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നു.

(സി) കേരള കലാമണ്ഡലം സ്വന്തമായിട്ടും സൗത്ത് സോൺ കൾച്ചറൽ സെൻററിന്റെ സഹകരണത്തോടുകൂടിയും കൂടിയാട്ടം പ്രചരിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുംവേണ്ടി അനവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി കലകളുടെ സംരക്ഷണത്തിനും വികസനത്തിനും സഹായിക്കുന്നവിധം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് പ്രചരിപ്പിക്കുന്നുണ്ട്. അക്കാദമിയുടെ ഗവേഷണ സ്കോളർഷിപ്പ് ഇത്തരം കാര്യങ്ങൾക്കുവേണ്ടിയാണ്. കേരള ഫോക്ലോർ അക്കാദമി അന്യംനിന്നു പോകുന്ന കലകളെ കണ്ടെത്തി ഡോക്യുമെൻറ് ചെയ്ത് സൂക്ഷിക്കുന്നു. ഇത്തരം കലാരൂപങ്ങൾ അഭ്യസിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകുകയും പ്രഗല്ഭരായ കലാകാരൻമാരെ കണ്ടെത്തി അവർക്ക് അവാർഡുകളും ഫെലോഷിപ്പുകളും നൽകുകയും ചെയ്യുന്നു. കേരള സംഗീത നാടക അക്കാദമി മദ്ധ്യതിരുവിതാംകൂറിൽ പ്രത്യേകിച്ച് കുട്ടനാട്ടിൽ അന്യമായിക്കൊണ്ടിരിക്കുന്ന നാടൻ കലകളേയും പാട്ടു പാരമ്പര്യത്തേയും സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവയെ വരും തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും നടപടി എടുത്തിട്ടുണ്ട്.

(ഡി) പ്രത്യേകമായി ഒരു കേന്ദ്രം ഇല്ലാതെതന്നെ സാംസ്കാരിക പരിപാടികളിൽ എല്ലാ അക്കാദമികളും യോജിച്ചുള്ള പ്രവർത്തനമാണ് ഇപ്പോഴുള്ളത്.

(ഇ) ഇക്കാര്യം പരിഗണനയിലാണ്.

ജനകീയ വിജ്ഞാന നാടൻ കലാകേന്ദ്രത്തിന്റെ പ്രവർത്തനം

125 [2298] ശ്രീ. വി. ഡി. സതീശൻ:
ശ്രീമതി മേഴ്സി രവി:
ശ്രീ. ബി. വിജയകുമാർ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്കപട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജനകീയ വിജ്ഞാന നാടൻ കലാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നു;

(ബി) ഈ കേന്ദ്രം സ്ഥാപിച്ചതിന്റെ പിന്നിലുള്ള ഉദ്ദേശ്യങ്ങൾ എന്തെല്ലാമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly